## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 695 02/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും. കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ആദിവാസി മേഖലയിൽ ഇപ്പോഴുള്ള ഗർഭിണികളിൽ ഭൂരിപക്ഷവും ഗുരുതരമായ വിളർച്ച രോഗം ബാധിച്ചവരാണെന്നും ഇക്കാരണത്താൽ ഇനിയും ശിശുമരണങ്ങൾ വർദ്ധിക്കാൻ ഇടയുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. വിളർച്ച രോഗം ബാധിച്ചവരെ കണ്ടെത്തി അവരെ പരിശോധിച്ച് വേണ്ടത്ര ചികിത്സയും മറ്റും നൽകുന്നതിന് ആരോഗ്യ വകുപ്പു മുഖേന നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം പാചകം ചെയ്തു നൽകി വരുന്നുണ്ട്. |
| (ബി) | ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുവാനുദ്ദേശിച്ചുള്ള പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുന്നത് സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരമാണ്. ടി പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ തുടരുന്നത് മൂലം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഭീതിയിലാണ് കഴിയുന്നതെന്ന വസ്തുത അറിയാമോ; | (സി) | ശിശുമരണങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | പല പദ്ധതികളുടെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കിടയിലെ നിസ്സഹരണവും പരസ്പരധാരണയി ല്ലായ്മയും നിമിത്തം ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? | (ഡി) | വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഒരു നോഡൽ ആഫീസറെ ഇതിനകം നിയമിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**